22
ആഗസ്റ്റ് 2023
ചൊവ്വ
Pages- 5
Vol. 2 Issue 200

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
569




## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് മുൻ ഓവർസിയർ

# റവ. കെ. സി. ജോൺ നിത്യതയിൽ പ്രവേശിച്ചു

എഡിറ്റോറിയൽ

**ക്രിസ്ത്യൻ ലൈവ്**

2023 ആഗസ്റ്റ് 22 ചൊവ്വ



# സീസണുകൾക്ക് അതീതമായ സന്തോഷം

മറ്റൊരു ഓണക്കാലം കൂടി വരവായി. പണ്ടുകാലത്തെ ഓർമകളിൽ, ദാരിദ്ര്യം നിറഞ്ഞുനിന്ന ദിവസങ്ങളിൽ നിന്നും സമൃദ്ധിയുടെ ദിവസങ്ങൾ ആയിരുന്നു ഓണക്കാലം. കാണം വിറ്റും ഓണം ഉണ്ണണം എന്ന പഴഞ്ചൊല്ലുപോലെ എല്ലാവരുടെയും ആഘോഷം. ബന്ധുമിത്രാദികൾ ഒന്നിച്ചു കൂടി സന്തോഷിക്കുന്ന സമയങ്ങൾ ആയിരുന്നു അത്.

ഇന്ന് കേരളത്തിന്റെ സ്ഥിതി മാറി. എല്ലാവർക്കും എന്നും സമൃദ്ധി തന്നെ. ആരും പട്ടിണിയൊന്നും കിടക്കുന്നില്ലെന്ന് തന്നെ പറയാം. എന്നാൽ പഴയ സന്തോഷങ്ങൾ മാഞ്ഞുപോയി. മദ്യവും മയക്കുമരുന്നും ജീവിതങ്ങളെ സ്വാധീനിച്ചപ്പോൾ സന്തോഷം അതിന്റെ വഴിയിലേക്ക് തിരിഞ്ഞു. ചെറുപ്പക്കാർക്ക് വീട്ടിൽ വരുന്നതിനേക്കാൾ, കുടുംബ ബന്ധങ്ങളെക്കാൾ വലുത് ഇത്തരത്തിലുള്ള സന്തോഷങ്ങളും കൂട്ടുകാരും ആയി. വീടുകളിൽ ചിലവഴിക്കുന്നതിലും അധികം സമയം കൂട്ടുകാരുടെ കൂടെ ആയി. അതിനാൽ കുടുംബബന്ധങ്ങൾ തകർന്നു. മക്കളെ ആർക്കും നിയന്ത്രിക്കാൻ പറ്റുന്നില്ല.

കഴിഞ്ഞ ഓണക്കാലത്തു മദ്യത്തിന്റെ വിറ്റ് വരവ് കണക്കുകൾ പരിശോധിച്ചാൽ ഞെട്ടിപ്പോകും. കോടികൾ ഖജനാവിലേക്ക് ഒഴുകിയെത്തുന്ന ഓണക്കാലത്തെ സർക്കാർ വളരെ സന്തോഷത്തോടെ എതിരേൽക്കുമ്പോൾ, കുടുംബത്തിന്റെ തകർച്ചകൾ കണ്ടു ദുഖിക്കുന്ന മനുഷ്യരെ ആരും ശ്രദ്ധിക്കുന്നില്ല. മദ്യവും മയക്കുമരുന്നും മൂലം എത്ര കുടുംബങ്ങളിൽ നടന്ന കണ്ണുനീരിന്റെ കഥകൾ നാം കേട്ടു കഴിഞ്ഞു. ഇതൊന്നും അധികാരികളുടെ കണ്ണ് തുറക്കുന്നില്ല. അടുത്ത ഓണക്കാലത്തിനായി, കോടികളുടെ വരവിനായി ശ്രദ്ധയോടെ കാത്തിരിക്കുന്നു.

ഇതിന്റെ നടുവിലാണ് സകല മാനവജാതിക്കും സന്തോഷം ലഭിക്കുവാനായി ക്രൂശിൽ നമുക്കുവേണ്ടി മരിച്ച യേശുക്രിസ്തുവിന്റെ പ്രാധാന്യം. യേശു വന്നത് ഒരു സീസണിൽ സന്തോഷവും സമാധാനവും നൽകാൻ അല്ല, എല്ലാക്കാലത്തും മനുഷ്യന് സന്തോഷം നൽകുന്ന നിത്യതയുടെ പാതയെ കാണിച്ചു തരാൻ ആണ്. ഒരുകാലത്ത് മദ്യവും മയക്കുമരുന്നും സ്വാധീനിച്ചിരുന്ന ജീവിതങ്ങൾ ഇന്ന് യേശുവിന്റെ മാർഗത്തിൽ എത്തിയപ്പോൾ, അവർ കുടുംബത്തിൽ സമാധാനം നൽകുന്നവർ ആയി എന്നു മാത്രമല്ല കുടുംബത്തോടൊന്നിച്ചു സന്തോഷിക്കുകയും ചെയ്യുന്നു. ഈ ഓണക്കാലം ഒരിക്കലായി ഭൂമിയിൽ ജനിച്ചു ഒരിക്കലായി നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി മരിച്ചു നമുക്കായി ഉയർത്തെഴുന്നേറ്റ് ജീവിക്കുന്ന യേശു ക്രിസ്തുവിൽ ഉള്ള നിത്യസന്തോഷത്തിന്റെ ഉടമകളായി മാറുവാൻ അനേകരെ ദൈവം ഇരിക്കട്ടെ എന്ന ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു



സിസ്റ്റർ ഷീലാ ദാസ്

# അസംബ്ലീസ് ഓഫ് ഗോഡ് ദക്ഷിണ മേഖല കൺവെൻഷൻ

തിരുവനന്തപുരം : അസംബ്ലീസ് ഓഫ് ഗോഡ് ദക്ഷിണ മേഖലകൺവെൻഷൻ ഒക്ടോബർ 5 മുതൽ 8 വരെ കാട്ടാക്കട ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നടക്കും. റവ.റ്റി. ജെ. ശാമുവേൽ, റവ. പി. കെ. ജോസ്, റവ. രവി മണി ബാംഗ്ലൂർ, പാസ്റ്റർ പി. സി. ചെറിയാൻ റാന്നി, പാസ്റ്റർ ജിനു മാത്യു യു. കെ, പാസ്റ്റർ സാബു കുമാർ, ഡോ. നന്നു കെ. എന്നിവർ രാത്രി യോഗങ്ങളിൽ പ്രസംഗിക്കും. ദക്ഷിണ മേഖല ഡയറക്ടർ റവ. പി. കെ യേശുദാസ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. എ.ജി ദക്ഷിണ മേഖല ക്വയർ സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകും. മറ്റു പ്രസിദ്ധ ഗായകരും ഗാനങ്ങൾ ആലപിക്കും.

രാത്രി യോഗങ്ങൾ വൈകുന്നേരം 5.30 മുതൽ 9 വരെയാണ്. വെള്ളി, ശനി ദിവസങ്ങളിൽ ശുശ്രൂഷക സെമിനാർ രാവിലെ 9 മണിക്ക് ആരംഭിക്കും. സഭയുടെ പുത്രിക ഘടകങ്ങളായ ണങ്ങ്വ, ഇഅ, സണ്ടേസ്കൂൾ എന്നിവയുടെ വാർഷികസമ്മേളനവും ശബ്ദം ദ്വൈമാസികയുടെ പ്രത്യേക സമ്മേളനവും നടക്കും. ക്രിസ്തീയ ശുശ്രൂഷയിൽ 40 വർഷം പൂർത്തിയാക്കിയ പാസ്റ്റർമാരെ ആദരിക്കും. എട്ടാം തീയതി ഞായറാഴ്ച രാവിലെ 9 മണി മുതൽ പൊതുസഭാ യോഗം.

കൺവെൻഷന്റെ വിജയകരമായ നടത്തിപ്പിന് മേഖല ഡയറക്ടർ റവ. പി. കെ. യേശുദാസ് ജനറൽ കൺവീനറും പാസ്റ്റർ ബൈജു എസ്. പനയ്ക്കോട് സെക്രട്ടറിയായും വിവിധ സബ് കമ്മറ്റികൾ പ്രവർത്തിക്കുന്നു. രക്ഷാധികാരികൾ റവ. പി. കെ. ജോസ്, റവ. എൻ. ക്രിസ്തുദാസ്, റവ. യാഹ്ദത്തമണി, റവ. റ്റി. ജെ. രാജൻ. കൺവീനർമാർ പാസ്റ്റർ സാബു കുമാർ, പാസ്റ്റർ റോബർട്ട് കിംഗ്സ്റ്റൻ, പാസ്റ്റർ ഡി. ജോൺലി, ബ്രദർ സന്തോഷ് കുമാർ പേയാട്, പ്രോഗ്രാം കോർഡിനേറ്റേഴ്സ് പാസ്റ്റർ ഷിബു എസ്. ദാസ്, പാസ്റ്റർ അജീഷ് ക്രിസ്റ്റഫർ, പാസ്റ്റർ സാബു ടി. സാം.

സബ്കമ്മറ്റി കൺവീനർമാർ പാസ്റ്റർ ബിജു ദാനം (പബ്ലിസിറ്റി), പാസ്റ്റർ കുമാർദാസ് ഡി. (പ്രയർ), പാസ്റ്റർ ചാൾസ് ഗുണശീലൻ & പാസ്റ്റർ പി. ഡി. ഡേവിഡ് (ഫിനാൻസ്), പാസ്റ്റർ മോഹൻദാസ് (മീഡിയ), ബ്രദർ ജോൺസ് കടുക്കാമൂട് (ഫുഡ്), പാസ്റ്റർ വി. വി. ജോൺ (അക്കോമൊഡേഷൻ), പാസ്റ്റർ ആർ. വി. ജോയ് (ലൈറ്റ് & സൗണ്ട്സ്), പാസ്റ്റർ റോബിൻസൺ (സ്റ്റേജ്), പാസ്റ്റർ ബി. സി. ചന്ദ്രൻ (വോളന്റിയേഴ്സ്), പാസ്റ്റർ കെ. എസ്. സുരേഷ് (അഷേഴ്സ്), പാസ്റ്റർ ആർ. സനൽകുമാർ (മ്യൂസിക്), ബ്രദർ ബാബു ജോയ് റ്റി. (മെഡിക്കൽ), പാസ്റ്റർ ഫ്രാൻസിസ് (ട്രാൻസ്പോർട്ടേഷൻ), പാസ്റ്റർ എ. സത്യരാജ് (കർത്തൃമേശ), പാസ്റ്റർ എ. ബോവസ് (വിജിലൻസ്)

വിവരങ്ങൾക്ക്:റവ. പി. കെ. യേശുദാസ് 9895306711, പാസ്റ്റർ ബിജു ദാനം 9037667948, പാസ്റ്റർ ബൈജു എസ്. പനയ്ക്കോട് 9745725498


## നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ

**ക്രിസ്ത്യൻ ലൈവിലേക്ക് നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്?**

**1. ഫെയ്സ്ബുക്കിലൂടെ**

മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെ ഫെയ്സ്ബുക്ക് കൂട്ടായ്മയിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Middle East Christian Youth Minitsries

**2 യൂ ട്യൂബിലൂടെ**

ക്രിസ്ത്യൻ ലൈവ് യൂ ട്യൂബിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Christian Live

**3 ഡിജിറ്റൽ ദിനപത്രത്തിലൂടെ**

ക്രിസ്ത്യൻ ലൈവ് മലയാളം ദിനപത്രത്തിലൂടെ ആയിരങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു.
Christian Live Digital Daily

**4 ഡിജിറ്റൽ വീക്ക്ലിയിലൂടെ**

വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലീഷ് വീക്ക്ലിയിലൂടെ മുപ്പതിലധികം രാജ്യങ്ങളി വിവിധ ജനവിഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Wings of Hope

**5 ന്യൂസ് പേപ്പറിലൂടെ**

ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിലൂടെ യുഎഇയുടെ മിക്ക ഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു. Christian Live Dubai Edition

**6 വെബ്സൈറ്റിലൂടെ**

ഓരോ മണിക്കൂറിലും അപ്ഡേറ്റ് ചെയ്യുന്ന വാർത്തകൾ കാണാനായി ആയിരങ്ങൾ സന്ദർശിക്കുന്ന ക്രിസ്ത്യൻ ലൈവ് വെബ് സൈറ്റിലൂടെ ജനങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
www.christianlive in

**അപ്പോൾ ഇനി മടിച്ചു നിൽക്കണോ?**
**ഒട്ടും വൈകേണ്ട ഇപ്പോൾ തന്നെ ഞങ്ങളെ വിളിക്കുക:**

India: +91 98465 52220
UAE: +971 55 862 1000

## Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



## EDITORIAL BOARD

***Chief Editor:***
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas ,
Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ബൈബിൾ തിരുത്തി ക്രിസ്തുവിശ്വാസം മാറ്റാൻ ശ്രമം; മുന്നറിയിപ്പുമായി യുഎസ് കോൺഗ്രസ് അംഗം




ചിക്കാഗോ: ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ബൈബിളിലെ ഭാഗങ്ങൾ തിരുത്താൻ ശ്രമിക്കുകയാണെന്ന മുന്നറിയിപ്പുമായി അമേരിക്കൻ കോൺഗ്രസ് സംഘം മൈക്ക് ഗല്ലാഘർ. ഹൗസ് സെലക്ട് കമ്മറ്റി ഓൺ ദി ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അധ്യക്ഷനായ അദ്ദേഹം രണ്ടുവർഷം കൂടി നടക്കുന്ന ആഗോള മതങ്ങളുടെ പാർലമെൻറ് സമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിലാണ് ഈ വെളിപ്പെടുത്തൽ നടത്തിയത്. ബൈബിൾ എങ്ങനെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി തിരുത്തുന്നത് എന്നതിന് ഉദാഹരണവും അദ്ദേഹം ചൂണ്ടിക്കാട്ടി. ഏഷ്യയിൽ ക്രിസ്തീയ വിശ്വാസം ഏറ്റവും അധികം വ്യാപിക്കുന്ന രാജ്യമാണ് ചൈന. ഇതിൽ അസ്വസ്ഥരായ കമ്മ്യൂണിസ്റ്റ് ഭരണകൂടം ശക്തമായ നിയന്ത്രണമാണ് ക്രൈസ്തവ സമൂഹത്തിന് ഏർപ്പെടുത്തുന്നത്.

വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് യേശു കരുണ കാണിക്കുന്ന വചനഭാഗം ഉണ്ട്. അവളെ കല്ലെറിയാൻ വരുന്നവരോട് നിങ്ങളിൽ പാപം ചെയ്യാത്തവർ ആദ്യം കല്ലെറിയട്ടെ എന്നാണ് യേശു പറയുന്നത്. എന്നാൽ ചൈനയിലെ ഒരു സർവ്വകലാശാലയിൽ നൽകിയ പാഠപുസ്തകത്തിൽ ഈ വചനഭാഗത്തിന് പകരമായി യേശു തന്നെ ആ സ്ത്രീയെ കല്ലെറിയുന്നതായാണ് എഴുതിവെച്ചിരിക്കുന്നത്. കളങ്കം ഒന്നുമില്ലാത്ത ആളുകൾക്ക് മാത്രമേ നിയമം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്ന അവസ്ഥ വന്നാൽ നിയമം മരിക്കുമെന്ന് പറഞ്ഞാണ് യേശു അവളെ കല്ലെറിയുന്നതെന്നും തിരുത്തിയ ഭാഗത്ത് പ്രതിപാദിക്കുന്നു. കൂടാതെ ഈ ബൈബിളിൽ, താനും ഒരു പാപിയാണെന്ന് യേശു പറയുന്നതായും ചിത്രീകരിക്കുന്നുണ്ട്.

ഹെനാൻ പ്രവിശ്യയിൽ സ്ഥാപിച്ചിരുന്ന 10 കൽപ്പനകൾ എടുത്തുമാറ്റി ചൈനയുടെ പ്രസിഡന്റ് ഷി ജിൻപിങ്ങിന്റെ വാചകങ്ങൾ പകരമായിവെക്കാൻ ദേവാലയങ്ങളോട് കമ്മ്യൂണിസ്റ്റ് പാർട്ടി അധികൃതർ ആവശ്യപ്പെട്ട സംഭവം മറ്റൊരു ഉദാഹരണമായി മൈക്ക് ഗല്ലഹർ ചൂണ്ടിക്കാട്ടി. "മറ്റൊരു ദൈവം ഉണ്ടാകരുത്" എന്നുള്ള ഭാഗത്തിന് പകരമായി പാശ്ചാത്യ ചിന്താഗതികൾ വ്യാപിക്കാതിരിക്കാൻ ജാഗരൂകത ഉണ്ടാകണമെന്നുള്ള വാചകമാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രതികൂലമായ നിരവധി സാഹചര്യം ഉണ്ടെങ്കിലും ധീരരായ വൈദികരെയും, വിശ്വാസികളെയും പറ്റിയും, സർക്കാരിന്റെ കണ്ണിൽപ്പെടാതെ പ്രവർത്തിക്കുന്ന ദേവാലയങ്ങളെയും സംബന്ധിക്കുന്ന നിരവധി സംഭവകഥകൾ താൻ കേട്ടുവെന്നും, അവർ ക്രൈസ്തവ വിശ്വാസം രൂപം കൊണ്ട കാലഘട്ടത്തിലെ ക്രൈസ്തവരെ പോലെ ധീരതയുള്ളവരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ചർച്ച് ഓഫ് ഗോഡ് മസ്കറ്റ് ഒരുക്കുന്ന വചനോത്സവം നാളെ

ഒമാൻ: ചർച്ച് ഓഫ് ഗോഡ് മസ്കറ്റ് സഭയുടെ ആഭിമുഖ്യത്തിൽ വചനോത്സവം ഓഗ. 21ന് ആരംഭിച്ചു. ദിവസവും വൈകിട്ട് 8 മുതൽ ആരംഭിക്കുന്ന ആത്മീയ സമ്മേളനം നാളെ 23ന് സമാപിക്കും. പാസ്റ്റർ രാജു മേത്രയാണ് മുഖ്യപ്രഭാഷകൻ. 23ന് വൈകിട്ട് ഓർഡിനേഷൻ സർവീസും നടക്കും. മസ്കറ്റ് ചർച്ച് ഓഫ് ഗോഡ് ഓവർസിയർ പാസ്റ്റർ തോമസ് വർഗീസ്, യു.എ.ഇ ഓവർസിയർ പാസ്റ്റർ കെ.ഓ. മാത്യു എന്നിവർ ശുശ്രൂഷകൾ നയിക്കും.

# മണിപ്പൂർ കലാപം: സുപ്രീംകോടതി നിയോഗിച്ച സമിതി റിപ്പോർട്ടുകൾ സമർപ്പിച്ചു

ഡൽഹി :മണിപ്പൂരിലെ ദുരിതാശ്വാസത്തിനും പുനരധിവാസത്തിനും മേൽനോട്ടം വഹിക്കാൻ സുപ്രീംകോടതി നിയോഗിച്ച മുൻ ഹൈക്കോടതി ജഡ്ജിമാരുടെ മൂന്നംഗ സമിതി റിപ്പോർട്ട് സമർപ്പിച്ചു. മണിപ്പൂർ ജനതയുടെ അവശ്യ രേഖകളുടെ വിതരണം, നഷ്ടപരിഹാരം, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദഗ്ധരുടെ നിയമനം എന്നിങ്ങനെ മൂന്ന് വ്യത്യസ്ത റിപ്പോർട്ടുകളാണ് സമിതി സമർപ്പിച്ചത്.

ജമ്മു കശ്മീർ ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് ഗീതാ മിത്തൽ അധ്യക്ഷയായ മേൽനോട്ട സമിതിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. ഡൽഹി ഹൈക്കോടതി മുൻ ജഡ്ജിയും മലയാളിയുമായ ആശാ മേനോനും ബോംബെ ഹൈക്കോടതി മുൻ ജഡ്ജി ശാലിനി ജോഷിയുമാണ് സമിതിയിലെ അം?ഗങ്ങൾ. ദുരിതാശ്വാസം, പരിഹാര നടപടികൾ, പുനരധിവാസ നടപടികൾ, വീടുകളുടേയും സ്ഥലങ്ങളുടെയും പുനരുദ്ധാരണം തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടെ പരിശോധിക്കാനായിരുന്നു നിർദേശം. ഉന്നതതല സമിതി സമർപ്പിച്ച റിപ്പോർട്ടുകൾ പരിഗണിച്ച്, ഓഗസ്റ്റ് 25ന് നടക്കുന്ന അടുത്ത ഹിയറിങ്ങിൽ വിശദമായ ഉത്തരവുകൾ പുറപ്പെടുവിക്കുമെന്ന് സുപ്രീംകോടതി അറിയിച്ചു. മണിപ്പൂരിലെ നിരവധി പേർക്ക് അവരുടെ തിരിച്ചറിയൽ രേഖകൾ നഷ്ടപ്പെട്ടെന്ന വസ്തുത റിപ്പോർട്ട് മുന്നോട്ടുവയ്ക്കുന്നുണ്ടെന്ന് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ചൂണ്ടിക്കാട്ടി. സർക്കാർ ആനുകൂല്യം ഉൾപ്പെടെ ലഭ്യമാകുന്നതിന് തിരിച്ചറിയൽ രേഖകൾ ആവശ്യമായതിനാൽ ഇക്കാര്യത്തിൽ സുപ്രീംകോടതി ഇടപെടൽ വേഗത്തിലുണ്ടാകും.

# ഭക്തച്ചായനെ ഓർക്കുമ്പോൾ !

ക്രിസ്ത്യൻ ലൈവ് മീഡിയയുടെ ആഭിമുഖ്യത്തിൽ യു എ ഇ യുടെ വിവിധ എമിറേറ്റ്സ്കളിൽ നടന്ന സംഗീത നിശകളിൽ മനസ്സിൽ തറഞ്ഞുനിന്നിരുന്ന ആ ശബ്ദം വീണ്ടും ഭക്തച്ചായന്റെ കുടുംബാഗങ്ങളുടെ ശബ്ദത്തിലൂടെ വീണ്ടും പുനർജനിച്ചപ്പോൾ ആ നാദവീചികൾ മനസ്സിന് വീണ്ടും കുളിർമ നൽകിയെങ്കിലും, മനസ്സിൽ എവിടെയോ ഒരു നൊമ്പരം ബാക്കിനില്ക്കുന്നു എന്ന് പറയാതെവയ്യ!.....



ജിമോൻ മേക്കാട്ട്

അങ്ങനെ ആ ദൈവ ഭക്തനും ആശവെച്ച തുറമുഖം പൂകി!

വീഥികളിൽ സ്നേഹത്തിന്റെ വീണമീട്ടി, സ്വന്തം വീട്ടിലണയും വരെ യേശുവിനെ മാത്രം അരികിൽ നിർത്തിയ ക്രിസ്തു ഭക്തൻ.



ഒരു മനുഷ്യൻ കടന്നുപോകാവുന്ന എല്ലാ സാഹചര്യങ്ങളും,സ്വന്തം അനുഭവങ്ങളിലൂടെയും തരണം ചെയ്യേണ്ടിവന്നപ്പോൾ ആ സാഹചര്യങ്ങളെ വരികളായും സംഗീതങ്ങളായും പുറത്തു കൊണ്ടുവന്ന് അത് അനേകർക്കു പാടി ആശ്വസിക്കുവാൻ ആശ്വാസത്തിന്റെ പല്ലവികളായി തീർത്തു ആ ഭക്തൻ!.

താൻ ഇരുളിന്റെ വഴിത്താരിലെന്നു സ്വയം തോന്നിയപ്പോൾ,
ഇരുളിൽ നടന്നു നീങ്ങുന്ന മനുഷ്യന് പ്രകാശം പരത്താൻ യേശു വന്നു എന്ന് ആ ഭക്തൻ പാടിവെച്ച വരികൾ നമ്മുടെ ഉള്ളിൽ ഇന്നും പ്രകാശത്തിന്റെ കിരണം വീശി കൊണ്ടിരിക്കുന്നു!.

നിരാശയുടെ നിശകൾ തന്നെ മൂടിയപ്പോൾ നിരാലമ്പനാകാതെ വലംകരം തന്നു നടത്തുന്ന ഒരുദൈവത്തെ മുന്നിൽ കണ്ട ആ ക്രിസ്തു ഭക്തൻ, നിരാശയിൽ നിന്നും പ്രത്യാശയിലേക്ക് നമ്മെ നയിക്കുന്ന എന്താനന്ദം എനിക്കെന്താനന്ദം യേശുവിനോടൊപ്പമുള്ള വാസം എന്ന ധൈര്യത്തിന്റെ വാക്കുകൾ ഗാനത്തിലൂടെ ആത്മീയാലോകത്തിനു പരിചയപ്പെടുത്തി.!

സാഹചര്യം ഏതുമാകട്ടെ സംഗീതത്തിലൂടെ മാത്രമായിരുന്നു ആ ഭക്തനു നമ്മോടു സംവേദിക്കുവാനുണ്ടായിരുന്നത്.

# ചന്ദ്രന്റെ പുതിയ ചിത്രങ്ങൾ പുറത്തുവിട്ട് ഐ എസ് ആർ ഒ; ലാൻഡിങ് നിശ്ചയിച്ച സമയത്ത് തന്നെ



ബാംഗ്ളൂർ:ചന്ദ്രയാൻ 3 ദൗത്യത്തിന്റെ ലാൻഡിങ് നാളെ വൈകീട്ട് തന്നെയെന്ന് ഉറപ്പിച്ച് ഐ എസ് ആർ ഒ. ദൗത്യം നിശ്ചയിച്ച പ്രകാരം മുന്നോട്ടുപോകുന്നതായി ബഹിരാകാശ ഏജൻസി എക്സിൽ അറിയിച്ചു. പേടകം പകർത്തിയ ചന്ദ്രന്റെ ഏറ്റവും പുതിയ ചിത്രങ്ങളും ഐ എസ് ആർ ഒ പങ്കുവച്ചു. ചന്ദ്രോപരിതലത്തിൽനിന്ന് 70 കിലോ മീറ്റർ ഉയരത്തിൽനിന്നുള്ള ചിത്രങ്ങളാണിത്.

ചന്ദ്രയാൻ 3 ലക്ഷ്യമിട്ട രീതിയിൽ തന്നെയാണ് മുന്നോട്ടുപോകുന്നതെന്നും എല്ലാ ഘടകങ്ങളും നന്നായി പ്രവർത്തിക്കുന്നുണ്ടെന്നും ഐഎസ്ആർഒ എക്സിലൂടെ അറിയിച്ചു. സോഫ്റ്റ് ലാൻഡിങ് നിമിഷത്തിനായി മിഷൻ ഓപ്പറേഷൻസ് കോംപ്ലക്സ് (മോക്സ്) ആവേശത്തോടെയും ഊർജസ്വലതയോടെയും കാത്തിരിക്കുകയാണെന്നും ഐഎസ്ആർഒ കൂട്ടിച്ചേർത്തു. നാളെ വൈകീട്ട് 6.04നാണ് സോഫ്റ്റ് ലാൻഡിങ്. ചന്ദ്രനിൽ നിന്ന് അടുത്ത ദൂരം 25 കിലോമീറ്ററും അകലെയുള്ള ദൂരം 134 കിലോമീറ്ററുമുള്ള ഭ്രമണപഥത്തിലാണ് ലാൻഡർ മൊഡ്യൂൾ ഇപ്പോൾ. നാളെ വൈകീട്ട് 5.45ന് 25 കിലോമീറ്റർ ഉയരത്തിൽനിന്ന് ലാൻഡർ ചന്ദ്രോപരിതലത്തിലേക്ക് തിരിക്കും. സ്വയംനിയന്ത്രിത സോഫ്റ്റ് ലാൻഡിങ് നടത്തുന്ന രീതിയിലാണ് ലാൻഡറിനെ സജ്ജമാക്കിയിരിക്കുന്നത്.

സെക്കൻഡിൽ രണ്ട് കിലോമീറ്ററോളം വേഗത്തിൽ സഞ്ചരിക്കുന്ന പേടകത്തെ സെക്കൻഡിൽ 12 മീറ്റർ വേഗത്തിലേക്ക് നിയന്ത്രിച്ചാണ് സോഫ്റ്റ് ലാൻഡിങ് നടത്തുക. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിലിറങ്ങുന്ന പേടകത്തിൽനിന്ന് കുറച്ചുസമയത്തിനുശേഷം റോവർ പുറത്തിറങ്ങി അശോകസ്തംഭവും ഐ എസ് ആർ ഒ യുടെ മുദ്രയും പതിപ്പിക്കും.

അതേസമയം പ്രതികൂല സാഹചര്യങ്ങളുണ്ടായാൽ ചന്ദ്രയാൻ 3 ദൗത്യത്തിന്റെ വിജയമുറപ്പിക്കാൻ 'പ്ലാൻ ബി'യും ഐ എസ് ആർ ഒ ആവിഷ്കരിച്ചിട്ടുണ്ട്. ലാൻഡർ മൊഡ്യൂളിന് എന്തെങ്കിലും സംഭവിച്ചാൽ ചന്ദ്രയാൻ3 ന്റെ ലാൻഡിങ് 27ലേക്ക് മാറ്റുമെന്ന് അഹമ്മദാബാദിലെ ഐ എസ് ആർ ഒ സ്പേസ് ആപ്ലിക്കേഷൻ സെന്റർ ഡയറക്ടർ നിലേഷ് എം ദേശായി പറഞ്ഞു.

സോഫ്റ്റ് ലാൻഡിങ്ങിന്റെ തത്സമയം ജനങ്ങളിലേക്ക് എത്തിക്കാൻ വിപുലമായ ഒരുക്കങ്ങളാണ് ഐ എസ് ആർ ഒ ഒരുക്കിയിരിക്കുന്നത്. ലാൻഡിങ്ങിന്റെ തത്സമയ സംപ്രേക്ഷണം നാളെ വൈകീട്ട് 5:20 മുതലുണ്ടാവും. ഐ എസ് ആർ ഒയുടെ വെബ്സൈറ്റിലും യൂട്യൂബ് ചാനലിലും ഫേസ്ബുക്ക് പേജിലും തത്സമയം കാണാം.

# ക്രൈസ്തവരും യഹൂദരും ഒരുമിച്ച് പ്രവർത്തിക്കുവാനുള്ള സമയം: യഹൂദ റബ്ബി



ഒർലാന്റോ: ക്രിസ്ത്യാനികളും യഹൂദന്മാരും ഒരുമിച്ചു പ്രവർത്തിക്കാനുള്ള സമയമാണിതെന്ന് യിസ്രായേൽ 365ന്റെ സ്ഥാപകനായ റബ്ബി ടുലി വെയ്സ്. ക്രിസ്ത്യാനികളും യഹൂദന്മാരും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനും ബൈബിളിലുടനീളം യിസ്രായേലിന്റെ പ്രാധാന്യം തന്റെ ജനങ്ങളോടുള്ള ദൈവസ്നേഹവും പങ്കുവെയ്ക്കുന്നതിനുമായി റബ്ബി ടുലി തന്റെ ജീവിതം മുന്നോട്ടു വയ്ക്കുകയാണ്. ഇസ്രായേൽ ഒരു യഹൂദ രാഷ്ട്രമായി മാറിയിട്ട് 75 വർഷമായി, ന്യൂയോർക്കിലെ യെശിവ യൂണിവേഴ്സിറ്റിയിൽ തന്റെ റബ്ബിനിക്കൽ മീറ്റിംഗിൽ വെയ്സ് പറഞ്ഞു, ജൂത ജനതയുടെയും ഇസ്രായേൽ ദേശത്തിന്റെയും പുനഃസമാഗമം ഒരു ദാമ്പത്യം പോലെയാണ് അനുഭവപ്പെടുന്നത്.

ചിലർ യിസ്രായേലിനെ നിസ്സാരമായി കാണുന്നു എന്ന് റബ്ബി പറയുന്നു. നിർദ്ദിഷ്ട ജനം ഒരു പ്രത്യേക പ്രദേശത്ത് ആയിരിക്കുന്നതിന് ദൈവത്തിനു വളരെ കൃത്യമായ ഒരു പദ്ധതി ഉണ്ടായിരുന്നു. കൂടാതെ എല്ലാ ഭൂപ്രകൃതിയും ഭൂമിശാസ്ത്രവും ബൈബിളിലൂടെ മനസ്സിലാക്കുന്നതിനു അത്യന്താപേക്ഷിതമാണ്. യഹൂദ ജനം ഇത്രയും കാലം യിസ്രായേലിനു പുറത്തായിരുന്നതിനാൽ ബൈബിളുമായുള്ള ബന്ധംവിച്ഛേദിക്കപ്പെട്ടിരുന്നു. യഹൂദന്മാരുടെയും യിസ്രായേൽ നാടിന്റെയും പുനരൈക്യവും ഒരു വിവാഹ ബന്ധം പോലെ തോന്നുന്നു. ലോകാവസാനത്തിനു മുമ്പ് തന്നെ ഇത് നടക്കുമെന്ന് തിരുവെഴുത്തുകളുടെ ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു. യിസ്രായേലിന്റെ പങ്ക് മനസ്സിലാക്കിയതോടെ ഞാൻ ബൈബിളിനെ ശരിക്കും വിലമതിക്കാൻ തുടങ്ങി. ബൈബിളിനെ മനസ്സിലാക്കുന്നതിലൂടെ ലോകത്ത് യിസ്രായേലിന്റെ പങ്കിനെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹം കൂട്ടിച്ചേർത്തു. യിസ്രായേൽ ജനത്തിന്റെ അഭിവൃദ്ധിക്കും പുരോഗതിക്കുമായി രൂപം നൽകിയ യിസ്രായേൽ 365 എന്ന സംഘടനയുടെ അദ്ധ്യക്ഷനാണ് റബ്ബി ടുലി.

'യഹൂദന്മാർക്ക് യഥാർത്ഥത്തിൽ ക്രിസ്ത്യാനികളെ അറിയില്ല, അവർ ഇസ്രായേലിനെ എത്രമാത്രം ആത്മാർത്ഥമായി സ്നേഹിക്കുന്നു എന്ന് മനസ്സിലാകുന്നില്ല.'എന്ന് വീസ് ഊന്നിപ്പറഞ്ഞു. ഇപ്പോൾ ക്രിസ്ത്യൻയഹൂദ ബന്ധങ്ങളുടെ ഈ സുവർണ്ണ കാലഘട്ടത്തിലാണ് ഞങ്ങൾ, എന്നാൽ അത് ഇപ്പോഴും ശൈശവാവസ്ഥയിലാണ്, നമ്മൾ അത് പരിപോഷിപ്പിക്കുകയും മറ്റുള്ളവരെ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും വേണം. ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാകാൻ കഴിയുന്നത് ഏറ്റവും വലിയ അനുഗ്രഹമാണ്. ഇത് ഇസ്രായേലിന് മാത്രമായുള്ള ഒരു പദ്ധതിയല്ല , യഹൂദർക്കും ക്രൈസ്തവർക്കും വിജാതീയർക്കും സകല മാനവരാശിക്കും വേണ്ടിയുള്ള പദ്ധതിയാണ്' അദ്ദേഹം വെളിപ്പെടുത്തി.

# ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷൻ വാർഷിക സമ്മേളനത്തിന് അനുഗ്രഹ സമാപ്തി

**'ക്രിസ്തുവിന്റെ വർത്തമാനപത്രമെന്ന ബോധ്യത്തോടെ ജീവിക്കണം': പാസ്റ്റർ ജോസ് മാത്യു**




ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷൻ ( ബിസിപിഎ) 19-ാമത് വാർഷിക സമ്മേളനത്തിൽ പാസ്റ്റർ ജോസ് മാത്യൂ മുഖ്യ സന്ദേശം നൽകുന്നു

ബെംഗളൂരു: വിശ്വാസികളായ നാം ഓരോരുത്തരും ക്രിസ്തുവിന്റെ വർത്തമാനപത്രമെന്ന നിലയിൽ ജീവിക്കണമെന്നു ഐ പി സി കർണാടക സ്റ്റേറ്റ് വൈസ് പ്രസിഡന്റും ബിസിപിഎ രക്ഷാധികാരിയുമായ പാസ്റ്റർ ജോസ് മാത്യൂ പ്രസ്താവിച്ചു.

ബെംഗളൂരുവിലെ ക്രൈസ്തവ പെന്തെക്കൊസ്ത് പത്രപ്രവർത്തകരുടെ സംഘടനയായ ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷൻ ( ബിസിപിഎ) 19ാമത് വാർഷികവും കുടുംബ സംഗമവും ,ബിസിപിഎ ന്യൂസ് വാർത്താപത്രികയുടെ മൂന്നാമത് വാർഷിക സമ്മേളനത്തിലും മുഖ്യ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

നമ്മുടെ വാക്കും പ്രവൃത്തിയും ഒരു മുദ്രണമാണ്. അതു പൊതുജനങ്ങൾ വളരെവേഗം വായിച്ചറിയും. അതിനാൽ വളരെ സൂഷ്മതയോടെ ഓരോരുത്തരും ജീവിക്കണമെന്ന് അദ്ദേഹം ബിപിസിഎ കുടുംബാംഗങ്ങളെ ആഹ്വാനംചെയ്തു.

കൊത്തന്നൂർ കെ.ആർ സി സി.ഒ.ജി ഹാളിൽ നടന്ന വാർഷിക സമ്മേളനത്തിൽ സെക്രട്ടറി പാസ്റ്റർ ജോസഫ് ജോൺ ,ജോയിന്റ് സെക്രട്ടറി പാസ്റ്റർ ജോമോൻ ജോൺ എന്നിവർ വിവിധ സെഷനിൽ അധ്യക്ഷരായിരുന്നു.

പാസ്റ്റർ ബിജു ജോണിന്റെ പ്രാർഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ബിസിപിഎ കുടുംബാംഗങ്ങളുടെ വിവിധ പരിപാടികൾ നടത്തി. ബ്രദർ.ഡേവിസ് ഏബ്രഹാമിന്റ നേതൃത്വത്തിൽ ഗാനശുശ്രൂഷ നിർവഹിച്ചു.

ബിസിപിഎ ന്യൂസ് വാർത്താപത്രികയുടെ പ്രവർത്തനത്തെക്കുറിച്ച് പബ്ലിഷർ ബ്രദർ.മനീഷ് ഡേവിഡും ,ബിസിപിഎ യുടെ ആരംഭകാല പ്രവർത്തനത്തെക്കുറിച്ച് പ്രസിഡന്റ് ചാക്കോ കെ തോമസും സംസാരിച്ചു.

വൈസ് പ്രസിഡന്റ് പാസ്റ്റർ ലാൻസൺ പി.മത്തായി സ്വാഗതവും പ്രോഗ്രാം കോർഡിനേറ്റർ ജോസ് വി.ജോസഫ് നന്ദിയും രേഖപ്പെടുത്തി.

പാസ്റ്റർ ജോസ് മാത്യുവിന്റെ പ്രാർഥനയോടും ആശീർവാധത്തോടെയുമാണ് സമ്മേളനം സമാപിച്ചത്.

ട്രഷറർ ബിനു മാത്യൂ, ബെൻസൺ ചാക്കോ, എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# വീടുകൾ തകർക്കപ്പെട്ട ക്രൈസ്തവർക്ക് നഷ്ട പരിഹാരം പ്രഖ്യാപിച്ച് പാക്ക് ഭരണകൂടം

ലാഹോർ: മുസ്ലീം സമൂഹം അഴിച്ചുവിട്ട ആക്രമണത്തിൽ ഭവനം തകർക്കപ്പെട്ട 100 ക്രിസ്ത്യൻ കുടുംബങ്ങൾക്ക് നഷ്ട്ടപരിഹാരം പ്രഖ്യാപിച്ച് പാക്ക് ഭരണകൂടം. വീട് നഷ്ടപ്പെട്ട 100 പാവപ്പെട്ട ക്രിസ്ത്യൻ കുടുംബങ്ങൾ ഓരോരുത്തർക്കും രണ്ട് മില്യൺ പാക്കിസ്ഥാൻ റുപ്പീ (അഞ്ചരലക്ഷം ഇന്ത്യൻ രൂപ) നഷ്ടപരിഹാരം നൽകുമെന്ന് ഇന്നലെ പാക്ക് സർക്കാർ അറിയിച്ചു. പഞ്ചാബിലെ ജരൻവാല സന്ദർശിച്ചതിന് തൊട്ടുപിന്നാലെ, മുഖ്യമന്ത്രി മൊഹ്സിൻ നഖ്‌വി, ടിറ്ററിൽ നഷ്ടപരിഹാര പ്രഖ്യാപനം നടത്തുകയായിരിന്നു.

നിരവധി ക്രൈസ്തവ ദേവാലയങ്ങളും ക്രൈസ്തവരുടെ ഭവനങ്ങളും അക്രമികൾ നാമാവശേഷമാക്കി. ഇത് പാക്കിസ്ഥാന്റെ പ്രതിച്ഛായക്കു കാര്യമായ മങ്ങൽ ഏൽപ്പിച്ചിരിന്നു. സംഭവം വിവാദമായതോടെ ഇടക്കാല പ്രധാനമന്ത്രി അൻവർ ഉൾ ഹഖ് കലാപവുമായി ബന്ധപ്പെട്ട എല്ലാവരെയും അറസ്റ്റ് ചെയ്യാൻ ഉത്തരവിട്ടു. ഇതിനിടെ അറസ്റ്റ് ചെയ്ത അക്രമികളുടെ എണ്ണം മൊത്തം 160 ആയി ഉയർന്നു. 450ൽ അധികം പേരെ അറസ്റ്റ് ചെയ്യാനുണ്ടെന്നാണ് പോലീസ് പറയുന്നത്.

നൂറുകണക്കിനു ക്രിസ്ത്യാനികളാണ് തങ്ങളുടെ വീടുകൾ ഉപേക്ഷിച്ച് ഓടിപ്പോയത്. ഇവർ തിരിച്ചുവന്നെങ്കിലും കെട്ടിടങ്ങൾ തകർന്നുവീഴുമെന്ന ഭയത്തിൽ കത്തിനശിച്ച വീടുകൾക്ക് പുറത്താണ് താമസിക്കുന്നത്. സുരക്ഷയെക്കുറിച്ച് അവർ ആശങ്കാകുലരാണെന്നും അവരുടെ മക്കളെക്കുറിച്ച് ഓർത്ത് ഏറെ പ്രയാസപ്പെടുന്നുണ്ടെന്നും ഫാ. ഖാലിദ് മുഖ്താർ എന്ന വൈദികൻ മുഖ്യമന്ത്രിയെ അറിയിച്ചു. തന്റെ വിവരമനുസരിച്ച് ജരൻവാലയിലെ 26 പള്ളികളും ആക്രമിക്കുകയോ കത്തിക്കുകയോ കേടുവരുത്തുകയോ ചെയ്തിട്ടുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി.



13 AUGUST 2023
Wings of HOPE
For Private Circulation Only
ക്രിസ്ത്യൻ ലൈവ് മീഡിയയിൽ നിന്നും
ഇപ്പോൾ നിങ്ങൾക്കായി ഒരു ഇംഗ്ലിഷ് പത്രം
എല്ലാ ഞായറാഴ്ചകളിലും പ്രസിദ്ധികരിക്കുന്നു
സൗജന്യ കോപ്പികൾക്കായി ഇന്നു
തന്നെ വാട്സാപ്പ് ചെയ്യുക:
09846552220




CHRISTIAN LIVE
CHRISTIAN LIVE.IN
MIDDLE EAST CHRISTIAN YOUTH MINISTRIES
+91 9846 55 22 20 | +91 9188 52 22 20 | +971 55 862 1000
info@christianlive.in
www.christianlive.in
KERALA | BANGALORE | DUBAI
USA | CANADA | KUWAIT | UK
BRAND MARKETING
EVENT MANAGEMENT
ONLINE NEWS PORTAL
DAILY NEWS PAPER
LED WALL/TV RENTAL
+91 9846552220
MEDIA PRODUCTION LIVE STREAMING